LIBRARY ARCHIVES Kerala Legislative Assembly

പ്രസന്നൻസ് ഇക്കോ ബയോ സിസ്റ്റംസ്

228 (4271) ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൈവമാലിന്യങ്ങൾ കുറഞ്ഞ ചെലവിൽ സംസ്കരിക്കുന്നതിന് തദ്ദേശീയമായി വികസിപ്പിച്ചെടുത്തിട്ടുള്ള പ്രസന്നൻസ് ഇക്കോബയോ സിസ്റ്റംസ് എന്ന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള സംസ്കരണ പ്ലാന്റുകൾ ഉപകാരപ്രദമാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ, കൊച്ചിൻ സാങ്കേതിക യൂണിവേഴ്സിറ്റി മേധാവി, പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയർ (കെട്ടിട വിഭാഗം) തുടങ്ങിയവർ ശിപാർശ ചെയ്തിട്ടുള്ള (LSGD, DC/10029) വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ശുചിത്വ മിഷൻ പ്രസ്തുത സാങ്കേതിക വിദ്യ നടപ്പിലാക്കാതിരിക്കുന്നതിനെതിരെ നടപടി സ്വീകരിക്കുമോ ;

(സി) ശുചിത്വ മിഷൻ മുഖേന എത്ര ഖര, ദ്രവ മാലിന്യ പ്ലാന്റുകൾ വിജയകരമായി പ്രവർത്തിച്ചുവരുന്നു ; അവ ഏതെല്ലാം ; വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത സംസ്കരണ പ്ലാന്റുകളുടെ ലഭ്യമാക്കിയ വിവരം ശുചിത്വ മിഷൻ സാങ്കേതിക സമിതി പരിശോധിക്കുകയും ശ്രീ. പ്രസന്നകുമാറിൽനിന്നും നേരിൽ വിവരങ്ങൾ ശേഖരിക്കുകയുമുണ്ടായി. എന്നാൽ ടി സംവിധാനത്തിന്റെ പൂർണ്ണമായ സാങ്കേതിക ശേഷി, മികവ് എന്നിവ പരിശോധിക്കാവുന്ന തരത്തിൽ വിവരങ്ങളും തെളിവുകളും രേഖകളും ഇതുവരെയും ശ്രീ. പ്രസന്നകുമാർ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ശുചിത്വ മിഷനെതിരെ നടപടി സ്വീകരിക്കേണ്ട സാഹചര്യമില്ല.

(സി) ശുചിത്വ മിഷൻ മുഖേന ഖരദ്രവ മാലിന്യ പ്ലാന്റുകൾ പ്രവർത്തിച്ചുവരുന്നില്ല.

പാറഖനനത്തിന് ലൈസൻസ്

229 (4272) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ മുക്കുന്നിമലയിൽ പാറഖനനത്തിന് എത്ര പേർക്ക് പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;